ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28.09.2024**

## പ്രധാനവാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.**

2. **ഓളപ്പരപ്പിലെ വേഗരാജാവായി കാരിച്ചാൽ ചുണ്ടൻ. തുടർച്ചയായ അഞ്ചാം തവണ നെഹ്റു ട്രോഫി കിരീടം നേടി പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ്.**

3. **നെഹ്റു ട്രോഫി വള്ളംകളിയുടെ നടത്തിപ്പിന് വിനോദസഞ്ചാര വകുപ്പ് ഒരു കോടി രൂപ ഗ്രാൻഡ് അനുവദിക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്.**

4. **സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കാത്ത് ലാബുകൾ ഉടൻസജ്ജമാകുമെന്ന് മന്ത്രി വീണാ ജോർജ്.**

5. **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

**************************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 114 -ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലൂടെയും പരിപാടി തത്സമയം കേൾക്കാവുന്നതാണ്. തുടർന്ന് പരിപാടിയുടെ മലയാളം പരിഭാഷയും ഉണ്ടായിരിക്കും.

***********************************

## ഗവർണർ - ഡൽഹി

സമൂഹത്തിൽ സമാധാനം നിലനിർത്താൻ മറ്റ് സംസ്കാരങ്ങളെ കുറിച്ചുള്ള അറിവുകൾ കൂടി സ്വായത്തമാക്കണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ന്യൂഡൽഹിയിലെ ആകാശവാണി രംഗ് ഭവനിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ എല്ലാവരുടെയും സംസ്കാരത്തെ ആദരിക്കുന്നുവെന്നും സമാധാനവും ഐക്യവും രാജ്യത്തിന്റെ ചരിത്രവും പൈതൃകവുമാണെന്നും കേരള ഗവർണർ പറഞ്ഞു.

RNU TVPM

***********************************

## മുഖ്യമന്ത്രി- കേന്ദ്ര വ്യോമയാന മന്ത്രി കൂടിക്കാഴ്ച

മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രി കെ. റാം മോഹൻ നായിഡുവുമായി കൂടിക്കാഴ്ച നടത്തി. കേരളത്തിലെ വ്യോമ ഗതാഗതവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. ന്യൂ ഡൽഹിയിലെ രാജീവ് ഗാന്ധി ഭവനിൽ നടന്ന കൂടിക്കാഴ്ചയിൽ മന്ത്രി വി. അബ്ദുറഹിമാനും പങ്കെടുത്തു.

************************************

## ജി ആർ അനിൽ

പരിസ്ഥിതി സൗഹൃദമായ ഉത്പന്നങ്ങൾ തെരഞ്ഞെടുത്ത് ഹരിത ഉപഭോക്തൃ സംസ്കാരം വളർത്തിയെടുക്കണമെന്ന് മന്ത്രി ജി ആർ അനിൽ. ലോക ഹരിത ഉപഭോക്തൃ ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന സർക്കാരിൻറെ നേതൃത്വത്തിൽ ഒക്ടോബർ 2 മുതൽ ആറ് മാസക്കാലം നീണ്ട് നിൽക്കുന്ന മാലിന്യ നിർമാർജന പരിപാടികൾ തദ്ദേശ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

************************************

RNUTVPM

## നെഹ്റു ട്രോഫി - ഇൻട്രോ

പുന്നമടക്കായലിൻറെ ഓളപ്പരപ്പിൽ വേഗരാജാവായി കാരിച്ചാൽ ചുണ്ടൻ. എഴുപതാമത് നെഹ്റു ട്രോഫി ജലോത്സവത്തിൽ പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുടർച്ചയായ അഞ്ചാം കിരീടം നേടി. വിബിസി കൈനകരിയുടെ വീയപുരം ചുണ്ടനെ മൈക്രോ സെക്കൻഡുകളുടെ വ്യത്യാസത്തിലാണ് കാരിച്ചാൽ പിന്തള്ളിയത്. കുമരകം ബോട്ട് ക്ലബ് തുഴഞ്ഞ നടുഭാഗം മൂന്നാം സ്ഥാനം നേടി.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ...**

(വോയ്സ്)

************************************

## നെഹ്റു ട്രോഫി- റിയാസ്

നെഹ്റു ട്രോഫി വള്ളംകളിയുടെ നടത്തിപ്പിന് വിനോദസഞ്ചാര വകുപ്പ് ഒരു കോടി രൂപ ഗ്രാൻഡ് അനുവദിക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. 70-ാമത് നെഹ്റു ട്രോഫി വള്ളംകളി പുന്നമടക്കായലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചാമ്പ്യൻസ് ബോട്ട് ലീഗ് ഈ വർഷം തന്നെ നടത്താനാണ് സർക്കാർ ആലോചിക്കുന്നതെന്നും ഉടൻ ബോർഡ് യോഗം വിളിക്കുമെന്നും മന്ത്രി പറഞ്ഞു. ആലപ്പുഴയുടെ ആവേശവും വികാരവുമാണ് നെഹ്റുട്രോഫി ജലോത്സവമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചുകൊണ്ട് മന്ത്രി പി. പ്രസാദ് പറഞ്ഞു.

**************************************

## വീണാ ജോർജ്ജ്

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കാത്ത് ലാബുകൾ ഉടൻ സജ്ജമാകുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. നിലവിൽ മെഡിക്കൽ കോളേജുകളും ജില്ലാ, ജനറൽ ആശുപത്രികളും ഉൾപ്പെടെ 13 ജില്ലകളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ഇടുക്കി ജില്ലയിൽ ഉടൻ കാത്ത് ലാബ് സജ്ജമാകുന്നതോടെ, രാജ്യത്ത് ആദ്യമായി എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള സംസ്ഥാനമായി കേരളം മാറുമെന്നും ആരോഗ്യമന്ത്രി വ്യക്തമാക്കി.

**************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല

RNU TVPM

വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

***********************************

## സ്വച്ഛതാ ഹി സേവ - കോഴിക്കോട്

സ്വച്ഛതാ ഹി സേവ ക്യാംപെയിൻറെ ഭാഗമായി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. നെഹ്റു യുവ കേന്ദ്ര മലപ്പുറം, സി ഐ എസ് എഫ് യൂണിറ്റ്, നാഷണൽ സർവീസ് സ്കീം എന്നിവരുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു പരിപാടി. ഈ മാസം 17ന് തുടങ്ങിയ ക്യാംപെയ്ൻ ഒക്ടോബർ 2ന് നടത്തുന്ന മെഗാ ബീച്ച് ശുചീകരണത്തോടെ സമാപിക്കും.

***********************************

RNU TVPM

## പോഷൻ മാഹ് - ലക്ഷദ്വീപ്

പോഷൻ മാഹ് പരിപാടികളുടെ ഭാഗമായി ലക്ഷദ്വീപിലെ കവരത്തിയിൽ അംഗണവാടികൾ കേന്ദ്രീകരിച്ച് ഭക്ഷ്യ മേളകൾ സംഘടിപ്പിച്ചു. പോഷക ഗുണമേന്മയേറിയതും ദ്വീപ് നിവാസികളുടെ തനത് ഭക്ഷ്യ വിഭവങ്ങളും മേളയിൽ പ്രദർശിപ്പിച്ചു. പ്രത്യേക ബോധ വൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു.

***********************************

## കാലാവസ്ഥ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. അതേസമയം കേരള തീരത്ത് ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശമുണ്ട്.

************************************

## ഷിരൂർ

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ ജീവൻ നഷ്ടപ്പെട്ട അർജുന് വിട നൽകി ജന്മനാട്. ഭൗതികാവശിഷ്ടങ്ങൾ ഉച്ചയോടെ കോഴിക്കോട് കണ്ണാടിക്കലുള്ള അർജുന്റെ വീട്ട് വളപ്പിൽ സംസ്കരിച്ചു. മന്ത്രിമാരായ എ.കെ. ശശീന്ദ്രൻ, കെ ബി ഗണേഷ്കുമാർ എന്നിവർ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് അന്തിമോപചാരം അർപ്പിച്ചു. ജനപ്രതിനിധികൾ ഉൾപ്പെടെ ആയിരങ്ങളാണ് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയത്. കർണാടകയുടെ ധനസഹായമായി അഞ്ചു ലക്ഷം രൂപയും വ്യക്തിപരമായി ഒരു ലക്ഷം രൂപയും കാർവാർ MLA സതീ ഷ് കൃഷ്ണ സെയിൽ അർജുൻറെ കുടുംബത്തിന് കൈമാറി.

RNUTVPM

************************************

## പുഷ്പൻ അന്തരിച്ചു

കൂത്തുപറമ്പ് വെടിവെപ്പിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുകയായിരുന്ന സി.പി.ഐ.എം. പ്രവർത്തകൻ കണ്ണൂർ ചൊക്ലിയിലെ പുഷ്പൻ നിര്യതനായി. 56 വയസ്സായിരുന്നു.

സംസ്കാരം നാളെ വൈകുന്നേരം നടക്കും. 1994 നവംബർ 25നാണ് കൂത്തുപറമ്പ് വെടിവെപ്പ് ഉണ്ടായത്. പുഷ്പൻറെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി.

***********************************

## കാട്ടാന ആക്രമണം

ഇടുക്കി ശാന്തൻപാറയിൽ കാട്ടാന ആക്രമണം. ആനയിറങ്കലിലെ റേഷൻകട ചക്കക്കൊമ്പൻ എന്ന് വിളിപ്പേരുള്ള ആന തകർത്തു. കഴിഞ്ഞ ദിവസം ശാന്തൻപാറ പന്നിയാറിൽ ഒരു കാറും ചക്കക്കൊമ്പൻ തകർത്തു. ദിവസങ്ങളായി ശാന്തൻപാറ, പന്നിയാർ മേഖലയിൽ ആനയുടെ ശല്യം രൂക്ഷമാണ്.

***********************************

## ഉത്തരാഖണ്ഡ് - മലയാളി മരിച്ചു

ഉത്തരാഖണ്ഡിൽ ട്രക്കിംഗിന് പോയ മലയാളി യുവാവ് കുഴഞ്ഞ് വീണ് മരിച്ചു. ഇടുക്കി കമ്പിളികണ്ടം - മുക്കുടം സ്വദേശി പൂവത്തിങ്കൽ അലനാണ് മരിച്ചത്. കഴിഞ്ഞ ദിവസം ഗരുഢാപീക്ക് മലയിലേക്ക് ട്രക്കിങ് നടത്തുന്നതിനിടെ ആണ് സംഭവം. ശ്വാസതടസം നേരിട്ട അലൻ സംഭവ സ്ഥലത്ത് വച്ച് തന്നെ മരണപ്പെടുകയായിരുന്നു. മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ഇടപെട്ടിട്ടുണ്ടെന്ന് നോർക്ക അറിയിച്ചു.

***********************************

RNU TVPM

## ക്രിക്കറ്റ്

ഇന്ത്യ- ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന്റെ ഇന്നത്തെ കളി മഴ മൂലം ഉപേക്ഷിച്ചു. ഇന്നലെ ആദ്യ ദിനം കളിയവസാനിച്ചപ്പോൾ ബംഗ്ലാദേശ് മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 107 റൺസ് എന്ന നിലയിൽ ആണ്.

***********************************

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരളയുടെ അഞ്ചാം റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഇന്ന് രാത്രി 7.30 ന് കോഴിക്കോട് നടക്കുന്ന മത്സരത്തിൽ കാലിക്കറ്റ് FC - കണ്ണൂർ വാരിയേഴ്സ് FC യുമായി ഏറ്റുമുട്ടും.

RNU TVPM

***********************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഒഡിഷ എഫ് സി- ജംഷഡ്പൂർ എഫ് സി പോരാട്ടം ഇപ്പോൾ ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ പുരോഗമിക്കുകയാണ്. രാത്രി 7.30 ന് ബംഗളുരുവിൽ നടക്കുന്ന രണ്ടാം മൽസരത്തിൽ ബംഗളുരു എഫ് സി, മോഹൻ ബഗാനെ നേരിടും.

***********************************

## സന്ദീപ് ചന്ദ്രൻ - മൃതദേഹം

റഷ്യൻ സൈന്യത്തിനൊപ്പം പ്രവർത്തിച്ചുവരവേ യുക്രൈയിനിൽ ഡ്രോൺ ആക്രമണത്തിൽ കൊല്ലപ്പെട്ട തൃശൂർ, ആമ്പല്ലൂർ സ്വദേശി സന്ദീപ് ചന്ദ്രൻറെ മൃതദേഹം

നാളെ വീട്ടിലെത്തിക്കുമെന്ന് നോർക്ക സിഇഒ അറിയിച്ചു. സന്ദീപ് ചന്ദ്രന്റെ ഭൗതികശരീരം നാട്ടിലെത്തിക്കണമെന്നും, റഷ്യയിൽ തൊഴിൽ തട്ടിപ്പിനിരയായ മലയാളികളെ തിരികെയെത്തിക്കണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന് കത്തയച്ചിരുന്നു.

*************************************

## മാലിന്യമുക്ത നവകേരളം - വീണാ ജോർജ്ജ്

ശുചിത്വ കേരളം, സുസ്ഥിര കേരളം എന്ന ലക്ഷ്യ സാക്ഷാത്കാരത്തിലൂടെ കേരളത്തെ മാലിന്യമുക്തമാക്കുമെന്ന് മന്ത്രി വീണാ ജോർജ്. മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ മുന്നൊരുക്കം വിലയിരുത്താൻ പത്തനംതിട്ട കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ച് ഗാന്ധിജയന്തി ദിനത്തിൽ തുടങ്ങി 2025 മാർച്ച് 30 ന് അന്താരാഷ്ട്ര ശൂന്യമാലിന്യ ദിനാചരണത്തിന്റെ ഭാഗമായി പദ്ധതി പൂർത്തീകരിക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

*******************************************************

*************************************

**********************